# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. 634

10.07.2014 – ൽ മറുപടിയ്ക്ക്

## ആയുർവേദ കോളേജിലെ സൗജന്യ ചികിത്സ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ.എം.എ. ബേബി<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ ആയുർവേദ കോളേജുകളിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സൗജന്യ ചികിത്സ അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ ; | (എ) | സർക്കാർ ആയുർവേദ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന 500/- രൂപയിൽ താഴെ മാസ വരുമാനമുള്ള മുഴുവൻ രോഗികൾക്കും എ.പി.എൽ /ബി.പി.എൽ വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ അനുവദിച്ചിട്ടുണ്ട്. |
| (ബി) | എന്നു മുതലാണ് എ.പി.എൽ വിഭാഗത്തിനു ചികിത്സാ ഫീസ് ഈടാക്കി തുടങ്ങിയതെന്ന് അറിയിക്കാമോ ; | (ബി) | 19.12.2011 മുതൽ എ.പി.എൽ. വിഭാഗത്തിന് ചികിത്സാ ഫീസ് ഈടാക്കിത്തുടങ്ങി. |
| (സി) | പ്രതിമാസ വരുമാനം 500 രൂപയിൽ താഴെയുള്ളവർക്ക് മാത്രം സൗജന്യ ചികിത്സ നൽകിയാൽ മതിയെന്ന പുതിയ ഉത്തരവ് പാവപ്പെട്ട രോഗികളെ ബുദ്ധിമുട്ടിക്കുമെന്നതിനാൽ ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ ? | (സി) | എ.പി.എൽ / ബി.പി.എൽ വ്യത്യാസമില്ലാതെ 500 രൂപ വരെ മാസ വരുമാനമുള്ള രോഗികൾക്ക് സൗജന്യ ചികിത്സ അനുവദിക്കുമ്പോൾ കൂടുതൽ രോഗികൾക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്നതിനാൽ ഉത്തരവ് പിൻവലിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ